# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-26



## എസ് വി എൻ എസ് എസ് യു പി സ്കൂൾ കുന്നം
## വെണ്ണിക്കുളം ഉപജില്ല

# PROFILE

| | | |
|---|---|---|
| Name of the school | : | SVNSS UP School Kunnam |
| Year of establishment | : | 1942 |
| Name of Village | : | Perumpetty |
| Name of Panchayat | : | Kottanad |
| Name of BRC | : | Vennikkulam |
| Name of District | : | Pathanamthitta |
| Name of Sub District | : | Vennikkulam |
| Name of HM | : | Sri. Jayadevan K.P |
| Moble No | : | 9446784338 |
| Email ID | : | svnsskunnam@gmail.com |
| School Code | : | 37649 |
| Name of Taluk | : | Mallappally |
| School Management | : | NSS |

# ആമുഖം

അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയത്തിലൂന്നിക്കൊണ്ട് നവകേരളമിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെ അതിന്റെ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനായി ദീർഘകാല കാഴ്ചപ്പാടോടുകൂടി തയ്യാറാക്കിയ രേഖയാണ് സ്കൂൾ അക്കാദമിക മാസ്റ്റർപ്ലാൻ . അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ , സാമൂഹ്യ-സാംസ്കാരിക-സന്നദ്ധ സംഘടനകൾ, സർക്കാർ- സർക്കാരിതര ഏജൻസികൾ എന്നിവയുടെ കൂട്ടായ്മയിലൂടെ ആവിഷ്കരിക്കുന്നതാണ് ഈ പദ്ധതി. പൊതുവിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ പരിഹരിക്കുന്നതിനായി ജനാധിപത്യ ജനകീയ സമീപന രീതി ഉൾകൊള്ളിച്ച് പൊതുവിദ്യാഭ്യാസരംഗം ആധുനികവത്കരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം .

# സ്കൂൾ ചരിത്രം

മല്ലപ്പള്ളി - ചെറുകോൽപ്പുഴ റോഡിന്റെ അരികിൽ കൊറ്റനാട് ഗ്രാമപഞ്ചായത്തിൽ കുന്നം കരയിൽ എസ് വി എൻ എസ് എസ് യു പി സ്കൂൾ സ്ഥിതി ചെയ്യുന്നു.

സംസ്കാരവർദ്ധിനി സംസ്കൃതസ്കൂൾ എന്ന പേരിൽ പ്രവർത്തനം ആരംഭിച്ച ഈ സരസ്വതീ ക്ഷേത്രം 1965- ൽ ഹൈസ്കൂളിൽ നിന്നും വേർപെട്ട് അപ്പെർപ്രൈമറിയായി പ്രവർത്തനം തുടർന്നു. ഇതിനെ തുടർന്ന് എസ് വി എൻ എസ് എസ് യു പി സ്കൂൾ എന്ന പേരിൽ അറിയപ്പെട്ടു.

1965 മുതൽ 1975 വരെ ഈ സ്കൂളിന്റെ ഭരണം നടത്തിയിരുന്നത് VCK കരയോഗം ആയിരുന്നു. 1975- ൽ ഈ സ്ഥാപനവും വസ്തുവകകളും എൻ എസ് എസ് മാനേജ്മെന്റിന് വിട്ടുകൊടുക്കുകയും അന്നുമുതൽ പ്രവർത്തനം ഏറ്റെടുത്തുവരികയും ചെയ്തുകൊണ്ടിരിക്കുന്നു.

# പൊതുവിശകലനം

സാമൂഹികപരമായും സാമ്പത്തികപരമായും വിദ്യാഭാസപരമായും വളരെ പിന്നോക്കം നിന്നിരുന്ന പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമത്തിൽ 1942 കാലഘട്ടത്തിൽ ആണ് ഈ വിദ്യാലയം രൂപീകരിക്കുന്നത്. നിലവിൽ ഏഴാംതരം വരെയാണ് പ്രവർത്തിക്കുന്നത് . ചാലാപ്പള്ളി ,കുന്നം , മേത്താനം , അത്യാൽ , പെരുമ്പെട്ടി , മഠത്തുംചാൽ എന്നിവിടങ്ങളിലെ ജനങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള ആശ്രയം ഈ വിദ്യാലയമായിരുന്നു .

കൊറ്റനാട് ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിൽ 5,6,7 ക്ലാസ്സുകളിലായി 64 കുട്ടികൾ പഠിക്കുന്നു. ഹെഡ്മാസ്റ്റർ ഉൾപ്പെടെ 5 അധ്യാപകരും ഒരു ഓഫീസ് അറ്റെൻഡന്റുംഉൾപ്പെടെ 6 ജീവനക്കാർ ഇവിടെ സേവനമനുഷ്ഠിക്കുന്നു. കലാകായിക പ്രവർത്തനങ്ങളിലും ഈ വിദ്യാലയം മികച്ച നിലവാരം പുലർത്തുന്നു.

ഇന്ന് ഈ സ്‌കൂളിലേക്ക് വരുന്നത് പ്രധാനമായും ജി എൽ പി എസ് വലിയകുന്നം, ജി എൽ പി എസ് പെരുമ്പെട്ടി ,എം റ്റി എൽ പി എസ് പെരുമ്പെട്ടി ,സി എം എസ് എൽ പി എസ് നെടുമ്പ്രൂര , ഡി ബി എൽ പി എസ് പേക്കാവ് , മുഹമ്മദൻസ് എൽ പി എസ് എന്നിവിടങ്ങളിലെയും മറ്റ് അൺ എയ്‌ഡഡ് വിദ്യാലയങ്ങളിലെയും വിദ്യാർത്ഥികളാണ് .

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസ്സുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പു വരുത്തുക
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കുവാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക .
- ഐ സി ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക .
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസ്സുകളും  പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പുസ്തകത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ലാബുകൾ സജ്ജമാക്കുക.
- ലഘുപഠനയാത്രകൾ , ശില്പശാലകൾ ,വിദഗ്ധരുടെ ക്ലാസുകൾ , സെമിനാറുകൾ , പ്രൊജെക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക .
- കുട്ടികൾക്ക് കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക , അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച്  അവരെ ബോധവാന്മാരാക്കുക .
- ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിക്കുക
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക .
- കുട്ടികൾക്കുള്ള കൗൺസിലിങ് സൗകര്യങ്ങൾ കൂടുതലായി ഒരുക്കുക .
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ / വിഭവങ്ങളെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക .
- വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക .
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായികപ്രവർത്തനങ്ങൾ നടപ്പിലാക്കുക .
- മാലിന്യസംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പിലാക്കുക.

# അദ്ധ്യാപകരും വിവരങ്ങളും
# 2025-26

| **Name** | **Designation** |
|---|---|
| 1. Jayadevan K P | HM |
| 2. Jyothi S Nair | UPST |
| 3.Abhijith Krishnan S | UPST |
| 4. Chandrika V | PTLG Hindi |
| 5. Rajeswari S | PTLG Sanskrit |
| 6. Deepak K.M | Office Attendant |

# ഭിന്നശേഷിയുള്ള കുട്ടികളുടെ പട്ടിക

| ക്ലാസ് | വി. ഐ | എച് . ഐ | എം ആർ | ഓട്ടിസം | പഠന പിന്നാക്കം | അംഗ പരിമിതി | ആകെ |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| 7 | | | | | | 1 | 1 |
| ആകെ | | | | | | 1 | |

# നിലവിലുള്ള ഭൗതീക സാഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ് മുറികൾ | 3 | |
| ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 1 | |
| പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 2 | |
| കിണർ | 1 | |
| ലൈബ്രറി | 1 | |
| കളിസ്ഥലം | 1 | |
| റാമ്പ് | 1 | |
| അടുക്കള | 1 | |
| കമ്പ്യൂട്ടർ ലാബ് | 1 | |
| റീഡിങ് റൂം | 1 | |
| സ്കൂൾ ബസ് | 0 | |
| ലാബുകൾ | 0 | 1 |
| സ്റ്റേജ് | 0 | 1 |
| കമ്പ്യൂട്ടർ | 0 | |
| ലാപ്ടോപ് | 5 | |
| സൗണ്ട് സിസ്റ്റം | 1 | 1 |
| പ്രൊജക്ടർ | 2 | 1 |
| വൈറ്റ് ബോർഡ് | 3 | |
| സ്മാർട്ട് ടി വി | 0 | |
| | | |

# <u>മറ്റ് ഐ സി ടി സാധ്യതകൾ</u>

| സംവിധാനം | ഉണ്ട് / ഇല്ല |
|---|---|
| ഇന്റർനെറ്റ് | ഉണ്ട് |
| ഇമെയിൽ | ഉണ്ട് |
| സോഷ്യൽ മീഡിയ | ഉണ്ട് |

## അക്കാദമിക മാസ്റ്റർ പ്ലാൻ

**വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല: കണക്ക്**

**ലക്ഷ്യം : ഗണിതം ആസ്വദിക്കുന്ന വിധത്തിലുള്ള പഠനം**

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | ഏജൻസി | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരവും ആകർഷകവുമാക്കാൻ സാധിക്കുന്നില്ല | • ഗണിത ക്ലബ് ശാക്തീകരണം<br>• വളരുന്ന ഗണിത ചാർട്ട് സ്ഥാപിക്കൽ<br>• ഗണിത നിഘണ്ടു<br>• ഗണിത മാഗസിൻ | 2025 June to 2026July<br><br>2025 June to 2026 March | SRG<br><br>PTA, Teacher & Students | 1000 |

| | | | | |
|---|---|---|---|---|
| | | 2025 June to 2026 March 2025 September | | |
| പഠന സാമഗ്രികളുടെ കുറവ് | • കുറഞ്ഞ സ്ഥലസൗകര്യത്തിൽ ഒരു ചെറിയ ഗണിത ലാബ് | 2025 june to 2026 March | Maths SRG | 5000 |
| ഗണിതത്തിലെ മുഴുവൻ ശേഷിയും നേടാൻ പല കുട്ടികൾക്കും കഴിയുന്നില്ല . ഗണിത പഠനം വിരസമാകുന്നു | • Geogebra പരിശീലനം<br>• ഗണിത ശാസ്ത്ര മേള<br>• കൂടുതൽ വർക്ക്ഷീറ്റുകൾ<br>• | | Teacher | -- |
| മികച്ച ഗണിത പ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോത്സാഹനം കൊടുക്കുന്നതിനും സാധിക്കുന്നില്ല | • Maths Talent search examination<br>• ഗണിത ക്വിസ്സ്<br>• Numats പരിശീലനം | | PTA &SRG | 10000 |

# Academic Master Plan

**Subject wise Data Collection – Area: English**

**Objective:**

**To enhance proficiency in English language skills, focusing on the enrichment of vocabulary.**

| Issues | Remedial Measures | Time span | Agency | Finance |
|---|---|---|---|---|
| Limited exposure to English language outside of the classroom, as students may predominantly use their mother- tongue at home and in their communities. | • Empowerment of English Club.<br>• Integration of English in Daily Activities.<br>• Provide access to digital language learning platforms.<br>• | 2025 June to 2026 July<br>2025 June to 2026 March<br>2025 June to 2026 March | SRG<br>Teacher & Students<br>English SRG | |
| Diffidence in students due to lack of vocabulary. | • Integration of real life contexts and examples relevant to the students' daily lives.<br>• Compilation of an English | 2025 June to 2026 March<br>2025 June to | Teacher and students<br>English SRG English Club | 2000 |

| | | | | |
|---|---|---|---|---|
| | dictionary with maximum number of new and difficult words they come across in the text books throughout the academic year. | 2026 March | | |
| Lack of interest in English language due to inability in understanding the same. | • Focus on teaching grammar elements.<br>• Motivating the students in framing grammatically correct short sentences of their own. | 2025 June to 2026 March | Teacher | -- |
| Students' lack of readiness in performing in English- related events. | • Conducting English assembly<br>• Conducting English Fest | | PTA & SRG | 1000 |

# അക്കാദമിക മാസ്റ്റർ പ്ലാൻ

വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല: സാമൂഹ്യശാസ്ത്രം

ലക്ഷ്യം : സമൂഹത്തെക്കുറിച്ചു ദൃഢമായ അവബോധം ഉള്ളവരും വിമർശനാത്മക ചിന്താശേഷി ഉപയോഗിക്കുകയും പ്രാദേശികവും ആഗോളവുമായ തലങ്ങളിൽ സഹാനുഭൂതിയോടെയും സാംസ്കാരിക അവബോധത്തോടെയും ഇടപെടുന്ന സക്രിയ പൗരന്മാരായി കുട്ടികളെ മാറ്റാൻ.

| **പ്രശ്നങ്ങൾ** | **പരിഹാരപ്രവർത്തനങ്ങൾ** | **കാലയളവ്** | **ഏജൻസി** | **സാമ്പത്തികം** |
|---|---|---|---|---|
| സമൂഹത്തെക്കുറിച്ചും ചുറ്റുപാടുകളെ കുറിച്ചും ഉള്ള അവബോധത്തിന്റെ കുറവ് | • കൃത്യമായ പത്രവായന<br>• സ്കൂളിൽ ഒരു ദിനപ്പത്രം വരുത്തുക<br>• പത്രത്തിൽ വരുന്ന പ്രധാന സംഭവങ്ങളെ കുറിച്ചുള്ള ചോദ്യാവലി എല്ലാ ആഴ്ചയിലും തയ്യാറാക്കി വിജയികളെ കണ്ടെത്തുക. | 2025 June to 2026 March<br>2025 June to 2026 March<br>2025 June to 2026 March | Teacher and students.<br>SRG, PTA, Teacher & Students.<br>Teacher and students. | 2000 |
| സ്ഥലങ്ങളുടെ സ്ഥാനത്തേയും ദിക്കുകളെയും കുറിച്ച് ശരിയായ അവബോധം ഇല്ലായ്മ | • എല്ലാ ക്ലാസ്സുകളിലും ഭൂപടവായന പഠിപ്പിക്കുക<br>• Marble software | 2025 June to August.<br>2025 | Teacher<br>Teacher | |

| | | | | | |
|---|---|---|---|---|---|
| | പരിശീലനം | August to 2026 January. | | | |
| വിവിധ സംസ്കാരങ്ങളെയും ജനവിഭാഗങ്ങളെയും കുറിച്ചുള്ള ധാരണക്കുറവ് | • വിവിധ സംസ്കാരങ്ങളെയും ജനവിഭാഗങ്ങളെയും പരിചയപ്പെടുത്തുന്ന ഡോക്യുമെന്ററികൾ പ്രദർശിപ്പിക്കുക. | 2025 June to 2026 January | Teacher,<br><br>Projector | | |
| മികച്ച സാമൂഹ്യശാസ്ത്ര പ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോത്സാഹനം കൊടുക്കുന്നതിനും സാധിക്കുന്നില്ല | • സ്കൂൾ, ഉപജില്ലാ, ജില്ലാതല സാമൂഹ്യശാസ്ത്ര മേളകളിൽ പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുക.<br><br>• സാമൂഹ്യശാസ്ത്ര ക്വിസുകൾ, പരീക്ഷകൾ എന്നിവ സംഘടിപ്പിക്കുക. | 2025 June to 2026 March<br><br>2025 June to 2026 March | SRG, Teacher and students.<br><br>SRG, Teacher, and students. | 5000 | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : സംസ്കൃതം

പ്രതീക്ഷ നേട്ടങ്ങൾ -

- സംസ്കൃതപഠനത്തിന് താത്പര്യം ജനിപ്പിക്കും.
- സംസ്കൃത അക്ഷര പഠനം.
- അക്ഷരസ്പുടതയോടെ സംസ്കൃതപദങ്ങൾ വായികുന്നതിനുള്ള കഴിവ് നേടും.
- സുഭാഷിതങ്ങൾ ആലപിക്കുന്നതിനുള്ള കഴിവ്.
- സംസ്കൃതത്തിൽ സംസരിക്കുന്നതിനുള്ള കഴിവ് നേടും.
- കഥ, കവിത ,വിവർത്തനകവിത എന്നിവ എഴുത്തുന്നതിനും പാടുന്നതിനും ഉള്ള കഴിവ് നേടും.
- പരിസ്ഥിതി സംരക്ഷണം , പൗരബോധം, മാനവികത എന്നിങ്ങനെ മൂല്യബോധങ്ങൾ വളർത്താനാവശ്യമായ വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളുടെ ആസൂത്രണം.

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലാവധി** | **ഭൗതികം** | **പിന്തുണ** |
|---|---|---|---|---|
| ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | 1.**ഭാഷാ ജ്ഞാനം**<br>• അക്ഷരം എഴുത്ത്<br>• ചിഹ്നംഉറപ്പിക്കൽ<br>• വാക്കുകൾഎഴുതിയകാർഡ്<br>• കാർട്ടൂൺപ്രദർശനം<br>• അക്ഷരമരംനിർമ്മിക്കൽ<br>• അക്ഷരമാല കളികൾ പാട്ടുകളും കഥകളും കേൾപ്പിക്കുക | ജൂൺ - ഓഗസ്റ്റ് | അക്ഷരചാർട്ട്<br>പാഠപുസ്തകം<br>ഐസിടി | പിടിഎ<br>റിസോഴ്സ്<br>അധ്യാപിക |
| | 2. **പറയാം പഠിക്കാം**<br>• ചിത്രങ്ങളുടെ പേര് പറയൽ<br>• ചിത്രകഥകൾ<br>• ലഘു സംഭാഷണങ്ങളും നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ - ജൂലൈ | സംസ്കൃതകഥാപുസ്തകം<br>ഐസിടി | റിസോഴ്സ്<br>അധ്യാപിക |
| വീട് ഒരു പരീക്ഷണശാല | • വീട്ടിൽ ഉപയോഗിക്കുന്ന | | | |

| | | | | |
|---|---|---|---|---|
| (കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക) | വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ഐസിടി സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ | സംസ്കൃതം നിഘണ്ടു | |
| കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠനനേട്ടങ്ങൾ | • ക്ലബ് രൂപീകരണം<br>• പഠനോപകരണ നിർമാണം | ജൂൺ - മാർച്ച് | ചാർട്ട് പത്രം | റിസോഴ്സ് അധ്യാപിക |
| മത്സര പരീക്ഷകൾക്ക് തയാറാക്കൽ | • എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയാറാക്കുന്നു | ജൂൺ - മാർച്ച് | ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |
| പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കയുള്ള പ്രവർത്തനങ്ങൾ | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു | ജൂൺ മാർച്ച് | ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

# അക്കാദമിക മാസ്റ്റർ പ്ലാൻ

വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : മലയാളം

പ്രതീക്ഷ നേട്ടങ്ങൾ -

- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്
- എല്ലാവർക്കും എഴുത്തും വായനയും
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ
- ആസ്വാദനകരമായ വായനയിൽ വൈദഗ്ധ്യം നേടുക
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട എഴുത്തിന്റെയും വായനയുടെയും സാധ്യത കണ്ടെത്തൽ
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തൽ
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലാവധി** | **ഭൗതികം** | **പിന്തുണ** | **സാമ്പത്തികം** |
|---|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് | 1.**ഭാഷാ ജ്ഞാനം**<br>• അക്ഷരം എഴുത്ത്<br>• ചിഹ്നംഉറപ്പിക്കൽ<br>• വാക്കുകൾഎഴുതിയകാർഡ്<br>• അക്ഷരമരംനിർമ്മിക്കൽ<br>• വാക്കുകൾ നിർമ്മിക്കൽ<br>• വാക്യങ്ങൾ നിർമ്മിക്കൽ<br>• ചിത്രം- അടിക്കുറിപ്പ് തയ്യാറാക്കൽ<br>• ചിത്രം- കഥ പറയൽ<br>• അക്ഷരമാല കളികൾ പാട്ടുകളും കഥകളും കേൾപ്പിക്കുക | ജൂൺ - ഓഗസ്റ്റ് | അക്ഷരചാർട്ട്<br>പാഠപുസ്തകം<br>ഐസിടി | പിടിഎ<br>റിസോഴ്സ്<br>അധ്യാപിക | |
| കുട്ടികളെ മികച്ച വായനകാരകുന്നതിന് | • വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ | | | | 2000 |

| | | | | | |
|---|---|---|---|---|---|
| (വയനക്കൂട്ടം) | • സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>• സമീപ ഗ്രന്ഥശാല അംഗത്വം<br>• വായനോത്സവം സംഘടിപ്പിക്കൽ<br>• പത്രവായന<br>• ദിനാചരണങ്ങൾ<br>• വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനങ്ങൾ | 6 മാസം | പത്രങ്ങൾ<br><br>ഗ്രന്ഥശാല<br><br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br><br>ഐസിടി<br><br>സ്കൂൾ ലൈബ്രറി | പിടിഎ<br>റിസോഴ്സ് അധ്യാപിക<br>ഗ്രന്ഥശാല | |
| കുട്ടികളെ എഴുത്തുകാരാക്കുന്നതിന് (എഴുത്തുകൂട്ടം) | • പുസ്തക ചർച്ച<br>• ക്ലാസ് ലൈബ്രറി<br>• വായന കുറുപ്പ്<br>• ആസ്വാദനക്കുറിപ്പ്<br>• വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>• രചയിതാക്കളെ പരിചയപ്പെടൽ<br>• പൊതുവേദികളിൽ സംസാരിക്കുന്നതിനുള്ള കഴിവ്<br>• ഭാഷാ പ്രോജക്ട് | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ | റിസോഴ്സ് അധ്യാപിക<br>ഗ്രന്ഥശാല | |
| മത്സര പരീക്ഷകൾക്ക് തയാറക്കൽ | • എല്ലാ മാസവും കിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയാറാക്കുന്നു | ജൂൺ - മാർച്ച് | ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക | |
| പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കയുള്ള പ്രവർത്തനങ്ങൾ | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു | ജൂൺ മാർച്ച് | ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം - മേഖല : ഹിന്ദി

പ്രതീക്ഷ നേട്ടങ്ങൾ -

- എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനും ഉള്ള കഴിവ് വളർത്തിയെടുക്കുക.
- ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആകർഷകവും ആക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലാവധി** | **ഭൗതികം** | **പിന്തുണ** | **സാമ്പത്തികം** |
|---|---|---|---|---|---|
| 5,6 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ-ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം കൊടുക്കുക | • പുതിയ പദങ്ങൾ<br>• പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കുക<br>• ചിത്രങ്ങൾ അക്ഷരമാലചാർട്ട്<br>• അക്ഷര രചന | ജൂൺ - ആഗസ്റ്റ് | അക്ഷര ചാർട്ട് | അധ്യാപിക | |
| ഹിന്ദി വായന-തെറ്റ് കൂടാതെ ഹിന്ദി വായിക്കാനുള്ള പരിശ്രമം | • നിരന്തരം പുസ്തകം വായിച്ചു കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കുക.<br>• ഐസിടിയുടെ സഹായത്തോടെ | ജൂൺ - ഫെബ്രുവരി | ഐസിടി<br>വാചൻ കാർഡ്<br>ചിത്രങ്ങൾ | അധ്യാപക-വിദ്യാർത്ഥികൾ | |

| | | | | | |
|---|---|---|---|---|---|
| | ചിത്രകഥകൾ കേൾപ്പിക്കുക<br>• വാചൻ കാർഡ്ഉപയോഗിച്ച് വായനയെ പ്രോത്സാഹിപ്പിക്കുക. | | | | |
| സ്കൂൾ അസംബ്ലിയിൽ ഹിന്ദി ഭാഷയിൽ കുട്ടികളുടെ പങ്കാളിത്തം | • എല്ലാ കുട്ടികളുടെയും പങ്കാളിത്തവും ഉറപ്പാക്കുക<br>• മഹത് വചനങ്ങൾ,ചിന്താവിഷയങ്ങൾ ഉൾപ്പെടുത്തുക.<br>• അസംബ്ലിയിൽ ഉപയോഗിക്കുന്ന വാക്കുകൾ ഹിന്ദിയിൽ പറയുവാനും മനസ്സിലാക്കുവാനുമുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നു. | ജൂലൈ - ഫെബ്രുവരി | ഐ സി ടി | അധ്യാപക- വിദ്യാർത്ഥികൾ | |
| ഹിന്ദി സംസാരം - ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കിയെടുക്കുക,നിത്യ ജീവിതത്തിൽ ആവശ്യം വരുന്ന കാര്യങ്ങൾ ഹിന്ദി ഭാഷയിൽ പരിചയപ്പെടുത്തുന്നു | • ക്ലാസുകൾ മിക്കവാറും ഹിന്ദി സംസാരത്തിനായി ഉപയോഗിക്കുക.അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കാൻ ആവശ്യപ്പെടുന്നു.<br>• അധ്യാപകർ തെറ്റിച്ചു വായിച്ച് കുട്ടികൾ ശ്രദ്ധയോടെ കേട്ടിരുന്നു ശരിയായി വായിപ്പിക്കുന്നത് പരിശീലിപ്പിക്കുന്നു | ആഗസ്റ്റ് - ഫെബ്രുവരി | ക്ലാസ് ലൈബ്രറി | അധ്യാപക - വിദ്യാർത്ഥികൾ | |

| | | | | | |
|---|---|---|---|---|---|
| ഹിന്ദി ക്ലബ്ബ്-ഹിന്ദി ക്ലാസ് പ്രവർത്തനം കാര്യക്ഷമമാക്കൽ | • സ്കൂൾ തുറക്കുന്ന ആഴ്ചയിൽ തന്നെ ക്ലബ്ബ് രൂപീകരിക്കുന്നു.<br>• ദിനാചരണങ്ങൾ ഹിന്ദി ക്ലബ്ബിൻറെ നേതൃത്വത്തിൽ ക്ലാസ് റൂം പ്രവർത്തനവുമായി ബന്ധിപ്പിച്ചുകൊണ്ട് നടത്തുന്നു. | ആഗസ്റ്റ് -ഫെബ്രുവരി | ഹിന്ദി ക്ലബ്ബ് | SRG | |
| എൻ്റെ ഹിന്ദി ബുക്ക് | • ഓരോ കുട്ടിക്കും മേരി പ്യാരി ഹിന്ദി പുസ്തിക എന്ന പേരിൽ പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്ത് സൂക്ഷിക്കാം.പിന്നീട് കയ്യെഴുത്ത് മാസികയായി ഉൾപ്പെടുത്താനുള്ള അവസരം നൽകും | ആഗസ്റ്റ്-ഫെബ്രുവരി | പഠന പ്രവർത്തനങ്ങൾ | പിടിഎ<br>SRG<br>അധ്യാപക-വിദ്യാർത്ഥികൾ | |